**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5304** **05-07-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ കാർഷിക നഴ്സറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ കാർഷിക നഴ്സറികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | 13.12.2005-ലെ സ.ഉ(അച്ചടി)1796/2005/കൃഷി നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് സംസ്ഥാനത്ത് സ്വകാര്യ കാർഷിക നഴ്സറികൾക്ക് അംഗീകാരം നൽകി വരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളാണ് സ്വകാര്യ കാർഷിക നഴ്സറികൾക്ക് അംഗീകാരം നൽകുന്നത്.<br><br>*കൃഷി ശാസ്ത്ര ബിരുദമോ കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമയോ, വൊക്കേഷണൽ ഹയർ സെക്കന്ററി (കൃഷി) പരീക്ഷ പാസ്സായതോ ആയ വ്യക്തിയുടെ ചുമതലയിലായിരിക്കണം നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും നടത്തേണ്ടത്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്വകാര്യ നഴ്സറികൾ തുടർന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞാൽ അവയ്ക്ക് ഈ നിബന്ധന ബാധകമാകാതെ തന്നെ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.<br><br>*നഴ്സറികളിൽ ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള ഒരു 'പ്രോജനി ഓർച്ചാർഡ്' ഉണ്ടായിരിക്കണം. വംശവർദ്ധനവിനായി ഉപയോഗിക്കുന്ന മാതൃസസ്യങ്ങൾ ഗുണമേന്മയുള്ളതും ആധികാരിക കേന്ദ്രങ്ങളിൽ നിന്ന് വാങ്ങിയവയുമായിരിക്കണം. ഇനങ്ങൾ തിരിച്ചറിയത്തക്ക വിധത്തിൽ ഇവയിൽ ലേബൽ പതിപ്പിച്ചിരിക്കണം. മാതൃസസ്യങ്ങളുടെ ആരോഗ്യം നിലനിറുത്താനാവശ്യമായ പരിചരണ മുറകൾ പ്രോജനി ഓർച്ചാർഡിൽ എല്ലായിപ്പോഴും നടപ്പിലായിരിക്കണം. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും അതാത് പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രോജനി ഓർച്ചാർഡ് പരിശോധിച്ച് താഴെപ്പറയുന്ന ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | കാരണങ്ങളാൽ മാതൃസസ്യങ്ങൾ അയോഗ്യമാണെന്ന് കണ്ടെത്തിയാൽ അവ പിന്നീട് വംശവർദ്ധനവിനായി ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കേണ്ടതാണ്. ഇങ്ങനെയുള്ള മാതൃസസ്യങ്ങളെ ക്വാറന്റൈൻ നടപടികൾക്ക് വിധേയമാക്കേണ്ടതും അപകടകരമായ രീതിയിൽ രോഗകീടാക്രമണം വർദ്ധിക്കുന്നതായി കണ്ടാൽ നഴ്സറിയുടെ ചുമതല വഹിക്കുന്നയാളിന്റെ സ്വന്തം ചിലവിൽ നശിപ്പിക്കേണ്ടതുമാണ്.<br><br>**മാതൃസസ്യത്തിന് അയോഗ്യത കൽപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ**<br><br>ഗുണനിലവാരം കുറഞ്ഞ കാർഷികോത്പന്നങ്ങൾ ലഭിക്കുകയാണെങ്കിൽ മോശപ്പെട്ടതോ അസ്ഥിരമോ ആയ വിളവ് ലഭിക്കുകയാണെങ്കിൽ നിയന്ത്രണാതീതമായ രീതിയിൽ കീടരോഗാക്രമണം ബാധിക്കുക അതാത് ഇനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ ഇല്ലെങ്കിൽ പൊതുതാൽപര്യം പ്രമാണിച്ച് മറ്റേതെങ്കിലും കാരണമുണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യം വന്നാൽ. |
| (ബി) | ഗുണനിലവാരമുള്ള വിത്തുകളും തൈകളും ഇത്തരം കാർഷിക നഴ്സറകളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ കൃഷി വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 13.12.2005 -ലെ സ.ഉ(അച്ചടി)1796/2005/ കൃഷി ഉത്തരവ് പ്രകാരം അതാത് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ നഴ്സറി സന്ദർശിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി സാക്ഷ്യപത്രം വാങ്ങി വയ്ക്കാറുണ്ട്. കൂടാതെ അപേക്ഷയോടൊപ്പം ചെക്ക് ലിസ്റ്റിൽ പരാമർശിക്കുന്ന എല്ലാ രേഖകളും അതാത് കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തിയാണ് ലഭ്യമാക്കുന്നത്.<br><br>സ്വകാര്യ കാർഷിക നഴ്സറികളിൽ നിന്ന് വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാര നിയന്ത്രണം ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതലയിലാണ് നടക്കുന്നത്. Seeds (Control) Order 1983 അധികാരപ്പെടുത്തിയത് പ്രകാരം കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ള സ.ഉ(അച്ചടി)നം.286/1994/കൃഷി തീയതി 10.08.1994 പ്രകാരം ജില്ലകളിലെ അതാത് ബ്ലോക്ക് പ്രദേശത്ത് വില്പന നടത്തുന്ന വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഗുണനിലവാര നിയന്ത്രണം നടത്തുന്നതിന് സീഡ് ഇൻസ്പെക്ടർമാരായി ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ചുമതല നൽകുകയും അവർ ചുമതല നിർവ്വഹിച്ചു വരികയുമാണ്. ജില്ലാതലത്തിൽ സ്വകാര്യ കാർഷിക നഴ്സറികൾക്ക് അംഗീകാരവും ലൈസൻസും |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H) ന്റെ ചുമതലയിലാണ് നടന്നുവരുന്നത്. |
| (സി) | വടകര താലൂക്കിൽ ഇത്തരത്തിൽ ഏതൊക്കെ അംഗീകൃത കാർഷിക നഴ്സറികൾ ആണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ? | (സി) | വടകര താലൂക്കിൽ നിലവിൽ അംഗീകൃത കാർഷിക നഴ്സറികൾ ഒന്നുംതന്നെയില്ല. |

സെക്ഷൻ ഓഫീസർ